**പ്രമേയം**

## <u>സൈനികരുടെ തലയറുത്ത സംഭവം</u>

മുഖ്യമന്ത്രി <u>(ശ്രീ. പിണറായി വിജയൻ):</u> സർ, ജമ്മു കാശ്മീരിൽ നിയന്ത്രണരേഖ കടന്നെത്തിയ പാക് സൈനികർ രണ്ട് ഇന്ത്യൻ ജവാൻമാരുടെ തലയറുത്ത വാർത്ത രാജ്യം ഞെട്ടലോടെയാണ് കേട്ടത്. കരസേനയുടെ 22 സിഖ് ഇൻഫൻട്രി നായ്ബ് സുബേദാർ പരംജീത്സിംഗ്, ബി.എസ്.എഫ്. 200-ാം ബറ്റാലിയനിലെ കോൺസ്റ്റബിൾ പ്രേം സാഗർ എന്നിവരാണ് അതിനിഷ്ഠൂരമായ നടപടിക്കിരയായത്. പാകിസ്ഥാൻ സൈന്യത്തിന്റെ മനുഷ്യത്വരഹിതമായ നടപടിയെ ഈ സഭ ഒന്നടങ്കം ശക്തിയായി അപലപിക്കുന്നു. സൈനികരുടെ കുടുംബാംഗങ്ങളുടെ ദു:ഖത്തിൽ സഭ പങ്കു ചേരുന്നു.

പ്രതിപക്ഷ നേതാവ് <u>(ശ്രീ. രമേശ് ചെന്നിത്തല)</u>: സർ, പാകിസ്ഥാൻ ഇന്ത്യയുമായി നിഴൽയുദ്ധം നടത്തുകയാണ്. കഴിഞ്ഞ ആറുമാസത്തിനിടയിൽ മൂന്നുതവണയാണ് ഇന്ത്യൻ അതിർത്തികടന്ന് ഇത്തരം ആക്രമണങ്ങൾ നടത്തിയത്. ഇത്തരം പ്രകോപനങ്ങൾ അപകടകരമായ ഒരു സാഹചര്യത്തിലേയ്ക്കാണ് എത്തിക്കൊണ്ടിരിക്കുന്നത് എന്നാണ് നമുക്ക് കിട്ടുന്ന വിവരങ്ങൾ. അതിർത്തിയിൽ സംഘർഷങ്ങൾ രൂക്ഷമാക്കാനാണ് ഈ നടപടി പാകിസ്ഥാൻ സ്വീകരിക്കുന്നു

എന്നത് വളരെ വ്യക്തമാണ്. പാക് സേനയുടെ ക്രൂരതയുടെ യഥാർത്ഥ മുഖമാണ് ഇന്നലെ വെളിച്ചത്തുവന്നത്. തലയറുത്ത് മാറ്റിയ നിലയിൽ നായ്ബ് സുബേദാർ പരംജീത് സിംഗും പ്രേം സാഗറും (ഹെഡ് കോൺസ്റ്റബിൾ). ബി.എസ്.എഫ്. കോൺസ്റ്റബിൾ രാജേന്ദ്രസിംഗിന് പരിക്കേൽക്കുകയും ചെയ്തു. പാക് റേഞ്ചേഴ്സ് ഇന്ത്യൻ ഭാഗത്തേയ്ക്ക് വൻതോതിൽ മോർട്ടാർ ആക്രമണങ്ങൾ നടത്തിയതിനുശേഷം ബോർഡർ ആക്ഷൻ ടീം നിയന്ത്രണരേഖയിൽനിന്നും 250 മീറ്റർ കടന്നാണ് ഈ ആക്രമണങ്ങൾ നടത്തിയത്. സാധാരണ ഗതിയിൽ രണ്ട് രാജ്യങ്ങൾ തമ്മിൽ ചില നയതന്ത്ര ബന്ധങ്ങളുണ്ട്. അതിർത്തികൾ സംരക്ഷിക്കുന്നതിന് നിയമങ്ങളുണ്ട്. ഇരുരാജ്യങ്ങളും അംഗീകരിച്ചിട്ടുള്ളതാണിതെല്ലാം. ലൈൻ ഓഫ് കൺട്രോൾ കടന്ന് ഇത്തരം ആക്രമണങ്ങൾ നടത്തുന്നത് ഒരിക്കലും ന്യായീകരിക്കാൻ കഴിയുന്ന ഒന്നല്ല. ഇത് വളരെ ഗൗരവതരമായ ഒരു വിഷയമാണ്. ഇന്ത്യൻ സൈന്യത്തിന് നേരെയുണ്ടായ അതിക്രൂരമായ ഈ നടപടിയെ ശക്തമായി അപലപിക്കുന്നു. ഇങ്ങനെ ഉണ്ടാകാൻ പാടില്ലാത്തതാണ്. ആ കുടുംബങ്ങൾക്കുണ്ടായിട്ടുള്ള നഷ്ടം രാജ്യത്തിന്റെ നഷ്ടമായി കണക്കാക്കണം. ആ ജവാൻമാരോടുള്ള ആദരാഞ്ജലികൾ അർപ്പിക്കുന്നു, ആ കുടുംബത്തിനുണ്ടായ അപരിഹാര്യമായ നഷ്ടത്തിൽ അഗാധമായ ദു:ഖം

പ്രകടിപ്പിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച പ്രമേയം സഭ അംഗീകരിച്ചു.